**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1749** **13-02-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷൻ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 2024-25 സാമ്പത്തികവർഷം ഏതെല്ലാം മാരക രോഗങ്ങൾ പിടിപെട്ടവർക്കുള്ള സഹായമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | മാരകരോഗങ്ങൾ ബാധിച്ചവർക്ക് കേരളാ സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധ**മായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>സമാശ്വാസം -I ( ഡയാലിസിസ് )</u>

വൃക്ക തകരാറുമൂലം മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസ് വേണ്ടി വരുന്ന ബി.പി.എൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ ചികിത്സ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം -I (ഡയാലിസിസ്),

<u>സമാശ്വാസം – 2</u>

വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരാകുന്ന ഒരുലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായമായി അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം - 2. ഈ ധനസഹായം ശസ്ത്രക്രിയ കഴിഞ്ഞ തിയതി മുതൽ 5 വർഷം വരെ മാത്രമായിരിക്കും.

<u>സമാശ്വാസം – (ഹീമോഫീലിയ)</u>

മനുഷ്യശരീരത്തിൽ രക്തം കട്ട പിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവുമൂലം ഹീമോഫീലിയയും, അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് വരുമാന പരിധി ബാധകമാക്കാതെ പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം – 3

<u>സമാശ്വാസം പദ്ധതി –4 (സിക്കിൾസെൽ അനീമിയ )</u>

അരിവാൾ രോഗം ബാധിച്ച നോൺട്രൈബൽ വിഭാഗത്തിലെ ബി.പി.എൽ/ ഒരുലക്ഷം രൂപക്ക് താഴെ വരുമാനമുള്ളവരുമായ രോഗികൾക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി –4

<u>ആശ്വാസകിരണം പദ്ധതി</u>

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100 ശതമാനം അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽപാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും കാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

<u>വി കെയർ പദ്ധതി</u>

മാരകരോഗം ബാധിച്ച് ജീവൻരക്ഷാചികിത്സയും, ജീവൻരക്ഷാ ശസ്ത്രക്രിയയും ആവശ്യമുള്ളവർക്ക് ചികിത്സാധനസഹായം അനുവദിച്ചുവരുന്ന പദ്ധതിയാണ് വി കെയർ പദ്ധതി. പദ്ധതിയുടെ മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റിയുടെ ശിപാർശയും, അപേക്ഷകരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് വി കെയർ പദ്ധതി മാനദണ്ഡ പ്രകാരം പരിഗണിക്കുവാൻ കഴിയുന്ന അപേക്ഷകൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു.